18-2-'50-ലെ ജയകേരളത്തിൽനിന്ന്

# കൂമ്പടഞ്ഞ കവിത

## എൻ. വി. കൃഷ്ണവാരിയർ

(പ്രിയപ്പെട്ട വായനക്കാരേ, മലയാള സാഹിത്യത്തിൽ വളരെയധികം ഒച്ചപ്പാടുണ്ടാക്കിയ ഒരു വാദമുണ്ടല്ലോ, 'കവിതയുടെ കൂമ്പടഞ്ഞു' എന്ന്. ഇന്നും തീരെ നിലച്ചിട്ടില്ലാത്ത ആ വാദം പുറപ്പെട്ടതു് സുജ്ഞാതനായ നിരൂപകനും പണ്ഡിതനും കവിയുമായ എൻ. വി.യുടെ ഈ കാവ്യാത്മവിചാരത്തിൽനിന്നാണ്. കവിതയുടെ കൂമ്പടഞ്ഞതിനെപ്പററിയല്ല, കൂമ്പടഞ്ഞ കവിതയെപ്പററിയാണ് ആ നിരൂപകപണ്ഡിതൻ ഇതിൽ പ്രതിപാദിച്ചിട്ടുള്ളതെന്ന കേന്ദ്രസ്ഥമായ വസ്തു, വാദങ്ങളുടെ തിരക്കിൽ, തൽകർത്താക്കൾ മറന്നു പോയിരിക്കുന്നു എന്നതാണു ഇതിന്റെ ഏററവും നേരമ്പോക്കുള്ള വശം.—പ.)

മലയാളത്തിൽ കവിത ഒരു കുരുട്ടു വഴിയുടെ മുട്ടത്തിൽ എത്തി അമ്പരന്നു നില്ക്കുകയാണെന്നു് തോന്നാറുണ്ട്. ക്ലാസ്സിസിസം എന്നോ മരിച്ചുകഴിഞ്ഞു. റൊമാൻറിസിസത്തിന്റെ കാലവും അവസാനിച്ച മട്ടാണ്. റിയലിസവും നാചുറലിസവും സിംബോളിസവും ഫ്യൂച്ചറിസവും, സോഷ്യലിസ്റ്റ് റിയലിസവും കവിതയിൽ തിരനോട്ടം നടത്തി അണിയറയിലേക്കുതന്നെ മടങ്ങിയിരിക്കുന്നു. ഇനി ഏതു് പുതിയ വേഷമാണ് വരേണ്ടതു്, ഏതു് പുതിയ പദമാണ് ആടേണ്ടതു്? ആകപ്പാടെ ഒരു ഗതിമുട്ടിയ മട്ട്. ഒരു വെടിക്കെട്ട് കഴിഞ്ഞതരായ. പുകയാണ് ഇരുണ്ട അന്തരീക്ഷത്തിൽ മുഴുവൻ. പ്രതീക്ഷയുടെ ഒരു പുതിയ കാററു വന്നേ പററൂ.

ഒളപ്പമണ്ണയുടെ "കിലുങ്ങുന്ന കയ്യാമ"ത്തിലും, ഒ. എം. അനുജന്റെ "ചില്ലുവാതിലി"ലും— രണ്ടു് ഉത്തിഷ്ഠമാനരായ യുവകവികളുടെ അത്യാധുനികങ്ങളായ കവിതാസമാഹാരങ്ങളാണിവ— ആ പുതിയ കാററു ഞാൻ ഉൽകണ്ഠയോടെ തിരഞ്ഞുനോക്കി; പക്ഷെ അതുള്ളതായി അനുഭവപ്പെട്ടില്ല. വരൂ, നിങ്ങളും നോക്കൂ. എവിടെയാണു് ഈ ഉണ്ടച്ചുരുട്ടെന്നു് നമുക്കു് പരിശോധിക്കുക.

'കിലുങ്ങുന്ന കയ്യാമ'ത്തിലെ ആദ്യത്തെ കവിതയാണു് "സ്മാരകം"; ചങ്ങമ്പുഴയുടെ മരണമാണു് പ്രതിപാദ്യം. ഞാനുദ്ധരിക്കാം ക്ഷമായാചനത്തോടെ, മുഴുവൻതന്നെ....

"വൃദ്ധയാം മാതാവിന്റെ
വിറയും കണ്ണാം ബാഷ്പ-
ശുദ്ധമാകവേ, മുറി
വിട്ടുപോകവേ വൈദ്യൻ,
ആശയോടരികത്തു
തന്നെ പിന്നെയും ജീവ-
തേശനിൽക്കണ്ണും നട്ടു
നിൽക്കവേ പ്രിയപത്നി,
ചുററിലും നിന്നങ്ങിനെ
തരിച്ചീടവേ ചെറു-
കുട്ടികൾപോലും—കഷ്ട
മിരങ്ങിട്ടുപോരു, കണ്ണേ!
പതഞ്ഞുപൊന്തി ചോര
പുരണ്ട കഫം വായിൽ,
പറഞ്ഞു കുഞ്ഞിച്ചുകൊ-
ണ്ടദ്ദേഹമെന്തോ വീണ്ടും.
അനങ്ങാതായി കൃഷ്ണ-
മണികൾ!—അകന്നപോ-
യടുത്ത മാകന്ദത്തിൽ
നിന്നൊരു കുയിൽനാദം.

---

ററാര നിവൃത്തിയില്ല. ഇരുപതും ഇരുനൂറും കൊല്ലങ്ങൾ പിന്നിട്ടാലും ആ ചൈതന്യം കെട്ടടങ്ങുകയുമില്ല.

പിൻതിരിഞ്ഞു നോക്കിയാൽ അഭിമാനത്തിനേ അവകാശമുള്ളു. കോരിത്തരിപ്പിക്കുന്ന സംഭവങ്ങൾ ഒന്നൊന്നായി ഓർമ്മവരുകയാണ്. രാജവാഴ്ച നിലനിർത്താൻ വേണ്ടി, സർ. സി.പി. രാമസ്വാമിഅയ്യർ, പണ്ടു വാളും പരിചയുമായി തിരുവിതാംകൂറിൽ നിന്നു വെളിച്ചപ്പാടുതുള്ളിയിരുന്ന കാലത്തു് കല്ലുകൾപോലും നിലത്തുറയ്ക്കാൻ പ്രായമാകാത്ത ഈ കുരുന്നുജീവി, ചുരുട്ടി ഉയർത്തിയ മുഷ്ടിയുമായി, മറുനാടൻ മലയാളികളുടെ മുൻവരിയിൽ നിന്നു, അതിനെതിരെ വീറോടെ വാദിച്ചിരുന്നു. അവളുടെ ശബ്ദം, തിരുവിതാംകൂറിലെ അന്തരീക്ഷത്തെപ്പോലും വിറകൊള്ളിക്കുമെന്നു കണ്ടപ്പോൾ, സചിവോത്തമനായ ആ ഭരണാധികാരി അവൾക്കു തിരുവിതാംകൂറിലേക്കുള്ള പ്രവേശനം നിരോധിച്ചു. ഐക്യകേരള പ്രക്ഷോഭണത്തിന്റെ മുൻവരിയിൽ, കൊടിയും പിടിച്ചു, മുദ്രാവാക്യങ്ങളും മുഴക്കിക്കൊണ്ടു്, മറുനാടൻ മലയാളികളെ മുഴുവൻ പ്രതിനിധീകരിച്ചിരുന്ന ആ കൊച്ചു പാവാടക്കാരിയും ഇവൾ തന്നെ ആയിരുന്നു. അങ്ങിനെ യുക്തിക്കും ന്യായത്തിനും നിരക്കാത്ത എന്തിനെതിരെയും, രാഷ്ട്രീയ ചായ്‌വുകളോ, നിറഭേദങ്ങളോ നോക്കാതെ, ശക്തിയോടെ പടവെട്ടിയ പാരമ്പര്യം ഈ ഇരുപതുകാരിക്കുണ്ടു്. ഇന്നും അവൾ ആ ആദർശത്തിൽ തന്നെ അടിയുറച്ചു നില്ക്കുകയും ചെയ്യുന്നു.

മലയാള സാഹിത്യരംഗത്തുമാത്രമല്ല; കലാരംഗത്തുപോലും, ഇന്നു തലയെടുത്തു നില്ക്കുന്ന പ്രഗത്ഭരായ പല സാഹിത്യകാരന്മാരും കലാകാരന്മാരും ജയകേരളത്തിലൂടെ മാത്രം വളർന്നുവന്നവരാണെന്നു പറഞ്ഞാൽ വിശ്വസിക്കാൻ വിഷമം തോന്നും. നാടൻ, പദ്മൻ, വി. ടി. നന്ദകുമാർ, കാർട്ടൂണിസ്ററു "കുട്ടി", എം.വി. ദേവൻ, ഒ.ടി. മോഹൻ, പാറപ്പുറം, ആർ. എം. മാണിക്കത്തു് ഇങ്ങിനെ പലരും ഈ വിഭാഗത്തിൽ പെട്ടവരാണ്. പത്രാധിപത്യം വഹിച്ചിട്ടോ, അത്രത്തോളം തന്നെ ഉത്തരവാദപ്പെട്ട മററു ചുമതലകൾ ഏറെറടുത്തിട്ടോ, ജയകേരളത്തോടു് വളരെയേറെ കടപ്പെട്ടവരാണ്, പി. ഭാസ്കരൻ, ബഷീർ, കെ. പത്മനാഭൻ നായർ, കെ. സി. എസ്സ്. പണിക്കർ തുടങ്ങിയ പലരും. ഇവരെല്ലാം ജയകേരളത്തെ വളർത്തിയവരാണ്. ജയകേരളം ഇവരെയും!!

ഇന്നു മറുനാടൻ മലയാളികളുടെ ഒരാവശ്യമാണ് ജയകേരളം. അവർക്കു വേണ്ടി സംസാരിക്കുന്നതും, അവരെ പ്രതിനിധീകരിക്കുന്നതും അവളാണ്.

യുഗങ്ങൾ തന്നെ പിന്നിട്ടാലും നിന്റെ ആവേശത്തിനും ഊർജസ്വലതയ്ക്കും മാററു കുറയാതിരിക്കട്ടെ. ഇരുപതുകാരീ...

......നിനക്കു ഭാവുകങ്ങൾ!

ആയിരം വികസ്വര
യുഗങ്ങൾ ചിലപ്പോൾ
മായികസ്വപ്നങ്ങൾപോൽ
മാഞ്ഞുപോയ് കാണക്കാണേ!
സ്വാദുവാം സ്വരരാഗ
സുധയായ്ച്ചങ്ങമ്പുഴ
കാതിലും കരളിലും
തേൻപുരട്ടുവാൻ വീണ്ടും
ജനിയ്ക്കില്ലയോ! പോയ
യക്കവി തനിക്കായി
ജ്വലിക്കുമൊരു നിത്യ
സ്മാരകം തീർത്തിട്ടല്ലേ?"

മലയാളികളിൽ വലിയൊരു വിഭാഗത്തിന്ന് ചങ്ങമ്പുഴയുടെ മരണത്തിലുളവായ ആത്മാർത്ഥമായ വ്യസനത്തിന്റെ മന്ദമായ അലയടിയെങ്കിലും ആ വരികളിൽ കേൾക്കാനുണ്ടോ? എന്തിന്, ഒരു അതിസാധാരണന്റെ കൂടിയും മരണത്തിനുള്ള വിഷാദഗൗരവം, ജീവിതദീപ്തി മരണാന്ധകാരത്തോടൊന്നിച്ച് ചേരുന്ന ആ മങ്ങിയ സീമാന്തഭൂമിയുടെ ഗാംഭീര്യം, നിങ്ങൾക്കിവയിൽ കാണ്മാൻ കഴിയുന്നുണ്ടോ? വികാരത്തിന്റെ ഉത്ഫുല്ലതയോ അനുഭൂതിയുടെ തുടിപ്പോ നിങ്ങൾക്കിവയിൽ അനുഭവപ്പെടുന്നുണ്ടോ? വികാരങ്ങൾ പോയിട്ട് ആ ഉത്തരാർദ്ധത്തിലെ ചിന്തകൾക്ക് തമ്മിൽ ഒരു കൂടിച്ചേർച്ചയും ബന്ധവും തോന്നുന്നുണ്ടോ? എന്നാൽ, മരണരംഗത്തെ തികച്ചും യഥാതഥമായി ചിത്രീകരിക്കുവാൻ കവി, പാടുപെടാതിരുന്നിട്ടുണ്ടോ?

കവിയുടെ ഈ പരാജയത്തിന്ന് കാരണം, വർണ്ണ്യവിഷയവുമായി രാഗാത്മകമായൊരു ബന്ധം സ്ഥാപിക്കുവാൻ അദ്ദേഹം ശ്രമിക്കാതിരുന്നതോ, അദ്ദേഹത്തിന്ന് കഴിയാതിരുന്നതോ ആണെന്ന് തോന്നുന്നു. ആസന്നമരണനായ ഒരുവനെ അദ്ദേഹം സശ്രദ്ധം വർണ്ണിച്ചു; പക്ഷേ ആ വർണ്ണന വെറും ഗദ്യാത്മകമായിപ്പോയി. ഒരു നോവലിൽ അതു് മതിയായേനേ; പക്ഷേ കവിതയിൽ പോരാ. "കവിക്കും നോവലിസ്റ്റിനുമുള്ള വ്യത്യാസം, കവി നോവലിസ്റ്റിനെപ്പോലെ വസ്തുസമർപ്പകൻ (Representational) ആകുന്നില്ലെന്നതാണ്; വാക്കുകൊണ്ട് ഫോട്ടോ നിർമ്മിക്കുവാൻ ഉൽകണ്ഠിതൻ അല്ലെന്നതാണ്. ഭൗതികലോകത്തിൽനിന്നും നമ്മെ കുറേക്കൂടി അഭൗതികമായ ഒരു സത്തയിലേക്ക് — അവിടെ വാക്കുകളും പ്രതീകങ്ങളുമേ കാണൂ — നമ്മെ എത്തുമാറാക്കിയാണ് ഭാവനയിൽ കവി അധികാരം ചെലുത്തുന്നത്. അയാളുടെ ശബ്ദങ്ങളും പ്രതീകങ്ങളും വർണ്ണനാത്മകങ്ങളെക്കാൾ ധ്വന്യാത്മകങ്ങളാണ്." (സീൻ ഓ ഫാവോലെയ്ൻ— Short Story, P. 60.) "സ്മാരക"ത്തിലെ ശബ്ദങ്ങളും പ്രതീകങ്ങളും ഈ ധ്വന്യാത്മകതയിൽ വളരെ പിന്നോക്കമാണ്; അതിനാൽ ഈക്കവിത നമ്മുടെ ഭാവനയെ തൊടാതെ കുതിച്ചുവെച്ചു കടന്നുപോകുന്നു.

"കിലുങ്ങുന്ന കയ്യാമ"ത്തിലെ എല്ലാ കവിതകളും ഇത്തരത്തിലാണെന്ന് വിവക്ഷയില്ല. ഉദാഹരണത്തിന്ന്, 'എന്റെ വിഷു' എടുക്കാം. "കോരപ്പന്റെ കൂനിയ ചുമലേറി" പിഷാരികാവിൽ തൊഴാൻ പോകുന്ന ആ ഉണ്ണിയുടെ ചിത്രം വളരെയധികം ഭാവങ്ങളെ ഉണർത്തുന്ന ഒരു പ്രതീകമാണ്. നമ്പൂതിരില്ലങ്ങളിലെ അന്തരീക്ഷം, അത്യന്തം സജീവമായ ചില കാലരേഖകളിലൂടെ അതിൽ ഒപ്പിക്കൊണ്ടുവന്നിട്ടുണ്ട്. പക്ഷേ, ആ പ്രതീകത്തിന്ന് കവി നൽകിയ വ്യാഖ്യാനം അത്ര പന്തിയായോ എന്നൊരു ശങ്ക. ആഭിജാത്യമാകുന്ന കഴുത വീണപത്തു കൊണ്ട് നാട്ടുവാഴി വീഴുകയല്ല ഉണ്ടായത്, ചിലേടത്തു് അടിമത്തം നാട്ടുവാഴിയെ കടന്നുവീഴുകയും, മറ്റു ചിലേടത്തു് അടിമത്തമൊഴുതായ വിത്ത് അതിനേക്കാൾ ഗതിവേഗമുള്ള കുതിരയെ നാട്ടുവാഴി തിരഞ്ഞെടുക്കുകയുമാണുണ്ടായത്. "എന്റെ വിഷു"വിൽ അത്രയൊന്നും താഴ്ച തോന്നുന്നില്ല; അല്ലെങ്കിൽ അതു് ആഴ്ന്നുചെല്ലുന്നതു് മറ്റൊരു തലത്തിലാണ്. ആ കോരപ്പൻ കൂനിക്കൂനി നടന്നുകൊണ്ടിരിക്കെത്തന്നെ, അവന്റെ പുറത്തുള്ള ഉണ്ണിയെ എത്ര കൊള്ളരുതാത്തവനാക്കി എന്നതു — മർദ്ദിതനെ തന്നെയെന്നപോലെ, മർദ്ദകനെയും മനുഷ്യത്വത്തിൽ നിന്നധഃപതിപ്പിക്കുന്നതു — നൈതികമായ അധഃപതനം ഉദ്ദിഷ്ടം — ആണതിൽനിന്നും എനിക്ക് മനസ്സിലായ തത്വം. (ഈ വ്യാഖ്യാനമാണ് കൂടുതൽ ശരിയും. കാരണം കവിക്കല്ല, വായനക്കാരനാണ് പ്രതീകങ്ങൾ വ്യാഖ്യാനിക്കാനവകാശം.) പക്ഷേ ആ തത്വത്തേക്കാൾ മുമ്പു പറഞ്ഞ അന്തരീക്ഷമത്രേ അതിലെ കാവ്യാനുഭൂതിക്കു നിദാനം.

ജ്യേഷ്ഠന്റേതിനോളംതന്നെ പ്രായമെത്താത്തതാണ് അനുജന്റെ കവിത. "ചില്ലുവാതിലി"ലെ "അനുജന്റെ വാശി," "വലുതാകട്ടെ തങ്കം" മുതലായ കവിതകൾ ഹൈസ്കൂൾ മാസികകളിൽ വിടർന്നു മറക്കപ്പെടേണ്ടവയാണ്. മറ്റു കവിതകളിലും സീൻഓഫാവോലെയ്ൻ എടുത്തുകാട്ടിയ വസ്തുസമർപ്പകസ്വഭാവം ആണു മുന്നിട്ടുനില്ക്കുന്നതു്. ഉദാഹരണത്തിന്ന് "ചില്ലുവാതിലിൽ" തന്നെ എടുക്കുക:-

"നിന്നു കുറേനേരം—
മസ്ഥിപഞ്ജരമൊന്നു
നിന്നിമേഷനായെന്റെ
ഭക്ഷ്യശാലതൻ മുന്നിൽ....
അവനു വല്ലതുമേകാൻ
കൈയാമമണഞ്ഞപ്പോൾ—
ഉവ്വല്ലെന്നുള്ള—
മായികമായി—"

മുതലാളിത്തത്തിൽ പാദസേവനസമ്പ്രദായത്തിന്റെ ഫലമായുണ്ടായ അപൂർവ്വമായ വിഭവസമൃദ്ധി വപ്പവതാലൂടെ നിർധനവർഗ്ഗം പാടിച്ചുപാറുന്നതിന്റെ ഒരു പ്രതീകം വഴി കാണിച്ചിരിക്കയാണ്. അവസാനത്തെ രണ്ടുവരികൾ അതു് വ്യക്തമാക്കുന്നുണ്ട്. അതിനുമുമ്പു ചില്ലുവാതിലിന്ന് അപ്പുറത്തുള്ള മേശകളും ഉരുളികളും ഭോജനസാധനങ്ങളും മനസ്സിലാക്കിച്ചിട്ടുണ്ട്. എന്നാലും അതിൽക്കവിഞ്ഞൊന്നും ഈ ദൃശ്യത്തിൽ ഉണരുന്നില്ല. ധ്വന്യാത്മകതയില്ലെന്നു സാരം.

മുമ്പ് മലയാളകവിത വൃത്തത്തിന്റെ അടിമയായി അങ്ങിനെ കുറേക്കാലം ഇരുന്നു. പിന്നീടു് ഗാനമാധുര്യത്തിന്റെ അടിമയായി. ഇപ്പോൾ വിഷയത്തിന്റെ അടിമത്തമാണ് കവിതക്ക്. അടിമത്തം, ഏതിന്റെയായാലും, പോരായ്മ തന്നെ. പുരോഗതിക്ക് അതാവശ്യമാണ്. കവിതയെ വിഷയത്തിന്റെ ദാസ്യത്തിൽനിന്ന് വിടുത്തുവാൻ ഒരു സമരം തന്നെ ഉണ്ടായാലും തരക്കേടില്ല.

"തങ്കത്തരിവളയല്ലോ, തിരുമ്പാൻ
ചപലയായ്, ഞാനല്ല പൊട്ടിച്ചു."

—

(പിന്നീട് ശ്രീ. ഒളപ്പമണ്ണ എഴുതിയ ഒരു ലേഖനത്തിൽനിന്നു മുകളിൽ പരാമർശിച്ച ഭാഗം താഴെ ചേർക്കുകയാണ്)

...ഈയിടെ ചില ചില്ലറ പുസ്തകവിമർശനക്കാർ * കവിയുടെ നാവടഞ്ഞുപോയിരിക്കുന്നുവെന്ന് അങ്ങിങ്ങു പ്രസ്താവിച്ചുകണ്ടു. കഴിഞ്ഞകൊല്ലം 'കവിയുടെ കാലം കഴിഞ്ഞു' എന്ന ഒരു പ്രബന്ധം വാദപ്രതിവാദത്തിനിടാൻ മദിരാശി കൃസ്ത്യൻകോളേജിലെ മലയാളസമാജം ധൈര്യപ്പെട്ടു. എന്നാ

(62-ാം പേജ് നോക്കുക)

* ജയകേരളം 4-ാം വാല്യം 7-ാം ലക്കത്തിൽ, മലയാളത്തിലെ ഒന്നാംകിട 'പുസ്തകവിമർശനക്കാരി'ൽ ഒരാളായ ശ്രീ. എൻ. വി. കൃഷ്ണവാരിയർ അങ്ങിനെ അഭിപ്രായപ്പെട്ടിട്ടുണ്ട് — ജ. പ.

# കൂമ്പടഞ്ഞ കവിത

(31-ാം പേജിൽനിന്നു തുടർച്ച)

ൽ, ഇവരാരും അറിയുന്നില്ല, കവിതയോടുകൂടി നശിക്കുന്നതു് സാഹിത്യം, മുഴുവനുമാണെന്നു്. മനുഷ്യൻ മരിക്കുന്നതുവരെ സാഹിത്യം, കവിതയുടെ രൂപത്തിൽ, നിലനിൽക്കുമെന്നു് മാത്രമല്ല, നിലനിൽക്കേണ്ടതു്, ഒരു രൂപത്തിലല്ലെങ്കിൽ മറ്റൊരു രൂപത്തിൽ ആവശ്യങ്ങളിലൊന്നുമാണു്. വിരസങ്ങളായ നെടുനീളൻ കവിതകളെഴുതി പരാജയപ്പെട്ടപ്പോഴാണു് ഒരാൾക്കു കവിതയുടെതന്നെ കൂമ്പടഞ്ഞതായി തോന്നുക (?). എന്നാൽ, കവിതയുടെ കാലം കഴിഞ്ഞു എന്ന വാദം ആത്മഹത്യാപരമായ നിരാശാവാദമാണെന്നു്, ആ സാധു മനസ്സിലാക്കുന്നില്ല. ഒരു പുതിയ തലമുറയുടെ ഭാവനയേററു നമ്മുടെ കാവ്യശാഖ പൊട്ടിത്തഴച്ചു വളരുകയാണു്. ഇതൊരു പുതിയ ചെടിയാണു്. അതു നട്ടതു് 'ജി'യുമാണു. കവിതയുടെനേർക്കു തുടങ്ങിവെച്ചിട്ടുള്ള യുദ്ധത്തിന്നെതിരായി മാറുകാട്ടി മുന്നിൽനില്ക്കാൻ ആരോഗ്യം വീണ്ടെടുത്ത 'ജി'യെ ആവശ്യമുണ്ടു്. നമുക്കു് അദ്ദേഹത്തിന്റെ പിന്നിൽ ഉറച്ചുനിൽക്കാം. ഇങ്ങനെ കവികൾ ഒരു റെജിമെൻറായിത്തീരണം.

---

ജയകേരളം